# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 14/02/2013-ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ.2745

## ജലസേചന വകുപ്പിൽ ഇ - ടെൻഡറിംഗ് സംവിധാനം.

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വർക്കല കഹാർ<br>ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. സണ്ണി ജോസഫ്.<br>ശ്രീ. പാലോട് രവി. | ശ്രീ. പി .ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) ജലസേചന വകുപ്പിൽ ഇ-ടെൻഡറിംഗ് സംവിധാനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) ജലസേചന വകുപ്പിൽ ഇ-ടെൻഡറിംഗ് സംവിധാനം ആരംഭിച്ചുകഴിഞ്ഞു. 17.61 കി.മീ നീളം വരുന്ന ഉൾനാടൻ ജലഗതാഗത പാതയായ വടകര മാഹി കനാലിന്റെ ഏകദേശം 10 കി.മീ വരുന്ന ഭാഗത്തെ ജോലികൾ ഇ-ടെൻഡറിംഗ് സംവിധാനം വഴി ടെൻഡർ ചെയ്തിട്ടുണ്ട്. |
| ബി) എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത സംവിധാനം വഴി ലഭിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ബി) പ്രസ്തുത സംവിധാനം വഴി ദർഘാസ് നടപടികൾ കൂടുതൽ എളുപ്പവും സുതാര്യവും ആയി മാറും. കരാറുകാർക്ക് ഒഫീസുകളിൽ കയറി ഇറങ്ങാതെ ദർഘാസിൽ പങ്കെടുക്കാവുന്നതാണ്. |
| സി) കരാറുകാർ തമ്മിലുള്ള അവിഹിത കൂട്ടുകെട്ടും അഴിമതിയും ഒഴിവാക്കാൻ പ്രസ്തുത സംവിധാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | സി) സുതാര്യമായ സംവിധാനം എന്ന നിലയിൽ കരാറുകാർ തമ്മിലുള്ള അവിഹിത കൂട്ടുകെട്ടും അഴിമതിയും ഒഴിവാക്കാൻ കഴിയും. കരാറുകാർക്ക് ഓഫീസുകളിൽ പോകാതെ തന്നെ ദർഘാസിൽ പങ്കെടുക്കാവുന്നതാണ്. ഏതൊക്കെ കരാറുകാർ പങ്കെടുക്കുന്നുണ്ട് എന്ന വിവരം അറിയുവാൻ സാധിക്കുന്നതല്ല. ഇത്തരം സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി കൂടുതൽ കരാറുകാർ ദർഘാസിൽ പങ്കെടുക്കുന്നതു മൂലം |

| | | | |
|---|---|---|---|
| | | | മത്സര സ്വഭാവമുള്ള ദർഘാസുകൾ ലഭിക്കുന്നതിനും കൂടുതൽ പരിചയ സമ്പത്തുള്ള കരാറുകാർ ദർഘാസിൽ പങ്കെടുക്കുന്നതിനും അവസരം ഒരുക്കും. |
| ഡി) | ഏതെല്ലാം പദ്ധതികൾക്കാണ് പ്രസ്തുത സംവിധാനം പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | ഡി) | ഏപ്രിൽ മാസം ഒന്നു മുതൽ ജലസേചന വകുപ്പിൽ വരുന്ന 25 ലക്ഷം രൂപയ്ക്ക് മുകളിലുള്ള എല്ലാജോലികൾക്കും ഇ-ടെൻഡറിംഗ് സംവിധാനം നടപ്പിലാക്കാനാണ് ആദ്യ ഘട്ടമായി ഉദ്ദേശിക്കുന്നത് |

**സെക്ഷൻ ഓഫീസർ**